10023
17/5/18

File No.FWLD-B2/35/2017-FWLD

## കേരള സർക്കാർ

## സംഗ്രഹം

ശ്രീ.കെ.എം.ദാസൻ, മെ.രാജ ആന്റ് രാജാസ് സോമിൽ ആന്റ് ടിംബേഴ്സ് (പ്രൈ) ലിമിറ്റഡ് മപ്രാണം, തൃശ്ശൂർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട പെറ്റീഷൻ 11436/2017 ന്മേലുള്ള വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം./223/2018/വനം തീയതി, തിരുവനന്തപുരം, 11/05/2018

---

പരാമർശം:- 1) സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.03.2017ലെ ജി.1-185/2017 നമ്പർ ഉത്തരവ്

2) ശ്രീ.കെ.എം.ദാസൻ, മെ.രാജ ആന്റ് രാജാസ് സോമിൽ സർക്കാരിൽ സമർപ്പിച്ച 23.03.2017 തീയതിയായ റിവിഷൻ പെറ്റീഷൻ

3) ശ്രീ.കെ.എം.ദാസൻ, മെ.രാജ ആന്റ് രാജാസ് സോമിൽ ബഹു. ഹൈക്കോടതിയിൽ 28.03.2017-ന് ഫയൽ ചെയ്ത 11436/2017 നമ്പർ റിട്ട പെറ്റീഷൻ.

4) ശ്രീ..കെ.എം.ദാസൻ ഫയൽ ചെയ്ത WP(C) 11436/2017 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 08.01.2018-ലെ വിധിന്യായം.

5) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 22.08.2017ലെ FC4-20557/2017 നമ്പർ കത്ത്.

## ഉത്തരവ്

മെ.രാജ ആന്റ് രാജാസ് സോമിൽ ഉടമയായ ശ്രീ.കെ.എം.ദാസൻ, സെൻട്രൽ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ പരാമർശം (1) ഉത്തരവിനെതിരെ പരാമർശം (2) പ്രകാരം സർക്കാർ മുൻപാകെ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. കൂടാതെ പ്രസ്തുത ഉത്തരവിനെതിരെ ടിയാൻ ബഹു ഹൈക്കോടതി മുൻപാകെ 11436/2017 നമ്പരായി റിട്ട് പെറ്റീഷനും ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷനിൽ ബഹു ഹൈക്കോടതി പരാമർശം (4) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിൽ ശ്രീ.കെ.എം.ദാസൻ സർക്കാരിൽ സമർപ്പിച്ച പരാമർശം (2) പ്രകാരമുള്ള റിവിഷൻ പെറ്റീഷനിൽ മൂന്നു മാസത്തിനകം തീരുമാനമെടുക്കണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

2) ബഹു. ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സി.ഡി. ജേക്കബ്ബ്, ചെങ്ങിനിമറ്റം വീട്, ചാലക്കുടി എന്നയാളുടെ ഉടമസ്ഥതയിലായിരുന്ന സെന്റ് തോമസ് സോമിൽ & വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപന ശ്രീ.കെ.എം.ദാസൻ 239-ാം നമ്പർ ലൈസൻസ് പ്രകാരം ടിയാന്റെ പേരിലേക്ക് മാറ്റിവാങ്ങി മെ.രാജ ആന്റ് രാജാസ് സോമിൽ & ടിംബേഴ്സ് (പ്രൈ)

ലിമിറ്റഡ്, മപ്രാണം എന്ന പേരിൽ പ്രവർത്തനം നടത്തിവരുന്നതാണെന്നും , 1984 മുതൽ 70 HP പവർ ഉപയോഗിച്ച് അതിനനുസരിച്ചുള്ള മെഷിനറികളുമായി സാമിൽ വ്യവസായം നടത്തിവന്നിരുന്നതാണെന്നും, ടി സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും 70 HP പവർ ഉപയോഗിക്കുന്നതിനുള്ള പ്രവർത്തന അനുമതി ഉണ്ടായിരുന്നതാണെന്നും എന്നാൽ 2013-ൽ ഫോറസ്റ്റ് ലൈസൻസ് പുതുക്കുന്നതിന് അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2012-ലെ വനനിയമങ്ങൾ പ്രകാരം സോമിൽ പ്രവർത്തനത്തിന് 3 5 H P പവർ ഉപയോഗിക്കുന്നതിന് മാത്രമാണ് അനുമതിയെന്നും കൂടുതൽ പവർ ഉപയോഗിക്കുന്നത് നിറുത്തി വെയ്ക്കണമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പവർ ഉപയോഗം 35 HP ആക്കി കുറച്ചതെന്നും എന്നാൽ 2015-ലെ amendment rules പ്രകാരം 2002 ഒക്ടോബറിനു മുമ്പ് നിലവിലിരുന്ന പവർ ഇൻസ്റ്റലേഷൻ ഓഫ് മെഷീനറീസ് നിലനിർത്താം എന്ന ഭേദഗതി പ്രകാരം 70 HPപവർ അനുവദിച്ച് ഫോറസ്റ്റ് ലൈസൻസ് കിട്ടുന്നതിന് ശ്രീ.കെ.എം.ദാസന് അവകാശമുണ്ടെന്നുമാണ് പരാമർശം (2) പ്രകാരം ശ്രീ.കെ.എം.ദാസന്റെ വാദം.

3) Kerala Forest (Regulation of Sawmills and other wood based industrial Units) Rules 2012, ചട്ടം 12 ലംഘിച്ചുകൊണ്ട് ഫോറസ്റ്റ് ലൈസൻസ് പ്രകാരം അനുവദനീയമായ 35HP യിൽ നിന്ന് 55HPആയി പവർ വർദ്ധിപ്പിച്ചതായി കണ്ടെത്തിയ സാഹചര്യത്തിലാണ് ശ്രീ.കെ.എം.ദാസൻ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിരസിച്ചിട്ടുള്ളത് ചട്ടപ്രകാരം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽ നടപടി ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.കെ.എം.ദാസൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) , തൃശ്ശൂർ ഉത്തരവായിട്ടുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്.

4) നിലവിലുള്ള ഫോറസ്റ്റ് ലൈസൻസിൽ അനുവദനീയമായതിനേക്കാൾ പവർ ഉയർത്തി മെഷിനറികൾ സ്ഥാപിക്കുന്നത് Kerala Forest (Regulation of Sawmills and other wood based industrial Units) Rules 2012, ചട്ടം 12 ന്റെ ലംഘനമായതിനാലാണ് കൂടുതലായി സ്ഥാപിച്ചിട്ടുള്ള 20 HP മെഷിനറികൾ അഴിച്ചുമാറ്റി നിലവിലുള്ള ലൈസൻസിലെ 35 HP ആയി നിജപ്പെടുത്തുവാൻ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശം നൽകിയത്2015-ലെ Amendment Rules അനുസരിച്ച് 30.10.2002-ന് മുൻപ് സ്ഥാപിതമായിട്ടുള്ള യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാണ് അനുമതി നൽകാവുന്നതെന്നും Kerala Forest (Regulation of Sawmills and other wood based industrial Units) Rules 2012ലെ ചട്ടം 12ന്റെ ലംഘനം നടത്തിയതിനാലാണ് സോമിൽ ലൈസൻസ് പുതുക്കുന്നതിനായി ശ്രീ.കെ.എം.ദാസൻ സമർപ്പിച്ച അപേക്ഷ ആതറൈസ്ഡ് ഓഫീസറായ ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിരസിച്ചിട്ടുള്ളത്.Kerala Forest

(Regulation of sawmills & other wood based industrial Units) Rules 2012 ലെ ചട്ടം 12(1) പ്രകാരം "No person shall enhance the capacity of any sawmill or wood based industrial unit without the written permission of the Authorised Officer"പ്രസ്തുത ചട്ടപ്രകാരം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മേൽ നടപടി ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.കെ.എം.ദാസൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) , തൃശ്ശൂർ 06.03.2017 ലെ ജി1-185/2017 നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം (5) പ്രകാരം അറിയിച്ചിട്ടുണ്ട്. പരാമർശം (5) പ്രകാരം ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

5) മുൻ ഉടമ ശ്രീ.സി.ഡി.ജേക്കബിന് അനുവദിച്ച നൽകിയ 239-ാം നമ്പർ ഫോറസ്റ്റ് ലൈസൻസിൽ 35 HP വരുന്ന മെഷിനറികളാണ് ഉണ്ടായിരുന്നത്. ടി ലൈസൻസ് 12.08.2013-ൽ ശ്രീ.കെ.എം.ദാസന്റെ പേരിൽ മാറ്റി നൽകുകയാണുണ്ടായത്. 31.05.2016-ൽ ടിയാൻ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിലും 35 HP ഉപയോഗിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചിരുന്നത്. ഇതിൽ നിന്ന് 1987 മുതൽ സോമിൽ പ്രവർത്തിച്ചു വരുന്നു എന്ന റിവിഷൻ ഹർജിക്കാരന്റെ വാദം വാസ്തവ വിരുദ്ധമാണ്. മേൽ ലൈസൻസ് പ്രകാരം 35 HP പവർ ഉപയോഗിക്കുന്നതിനുള്ള അനുമതിയാണ് ഉണ്ടായിരുന്നത്. 23.07.2016 വരെ ലൈസൻസിന് കാലാവധി ഉണ്ടായിരുന്നു. 31.05.2016-ൽ ടിയാൻ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിലും 35 HP ഉപയോഗിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്. ഇതിൽ നിന്ന്പഞ്ചായത്ത് ലൈസൻസ് പ്രകാരം 1987 മുതൽ 70HP പവർ ഉപയോഗിച്ച് സോമിൽ പ്രവർത്തിച്ചു വരുന്നു എന്ന റിവിഷൻ ഹർജിക്കാരന്റെ വാദം വാസ്തവ വിരുദ്ധമാണ്. Kerala Forest (Regulation of sawmills & other wood based industrial Units) Rules 2015, 9/9/2015ൽ പ്രാബല്യത്തിൽ വന്നതിന് ശേഷം സോമില്ലിനോടൊപ്പം ഫർണിച്ചർ യൂണിറ്റും കൂടി പ്രവർത്തനം ആരംഭിച്ചതായി പറയുന്നുണ്ട് .എന്നാൽ 30/10/2002ന് മുമ്പ് സോമില്ലിനോടൊപ്പം ഫർണിച്ചർ യൂണിറ്റും കൂടി പ്രവർത്തിച്ചിരുന്നു എന്നതിന് ലഭ്യമായ രേഖകൾ പ്രകാരം തെളിവില്ലാത്തതാണ്.

6) പഞ്ചായത്ത് ലൈസൻസ് പ്രകാരം 70 HP പവർ ഉപയോഗിക്കുന്നതിന് അനുമതിയുള്ളതായി ശ്രീ.കെ.എം.ദാസൻ അവകാശം ഉന്നയിക്കുന്നുവെങ്കിലും ടി H P പ്രകാരമുള്ള യന്ത്രങ്ങൾ സ്ഥാപിച്ചുവെന്നതിന് രേഖയൊന്നുമില്ലെന്നും യന്ത്രങ്ങൾ സ്ഥാപിച്ചിരുന്നുവെങ്കിൽ 2 തവണ ലൈസൻസ് പുതുക്കിയപ്പോഴും 35 HPയ്ക്ക് വേണ്ടി തന്നെ അപേക്ഷിക്കുമായിരുന്നില്ലെന്നും 2013 -ൽ ഇൻസ്പെക്റ്റിംഗ് ഓഫീസറുടെ നിർദ്ദേശാനുസരണം കപ്പാസിറ്റി 35 HP ആക്കി മറ്റു മെഷിനറികൾ വിച്ഛേദിച്ചുവെച്ചിരുന്നു എന്നുള്ളതുമുള്ള ശ്രീ.കെ.എം.ദാസന്റെ വാദത്തിന് തെളിവുകൾ ഒന്നും ഇല്ലാത്തതും ആയതിനാൽ ഈ പ്രസ്താവന

അടിസ്ഥാനരഹിതവുമാണ്.

7 ) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ.കെ.എം.ദാസൻ, മെസ.രാജ ആന്റ് രാജാസ് സോമിൽ ആന്റ് ടിംബേഴ്സ് (പ്രൈ) ലിമിറ്റഡ് മപ്രാണം, തൃശ്ശൂർ സമർപ്പിച്ച റിവിഷൻ പെറ്റീഷൻ നിരസിച്ച് കൊണ്ടും ചാലക്കുടി ഡിവിഷണൽ ഓഫീസറുടെ നടപടി നിലനിർത്തികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

8)മേൽ പ്രകാരം പരാമർശം (4)ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

ശ്രീ.കെ.എം.ദാസൻ, മെ.രാജ ആന്റ് രാജാസ് സോമിൽ ആന്റ് ടിംബേഴ്സ് (പ്രൈ) ലിമിറ്റഡ്, മപ്രാണം, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ